ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ട്രഷറി ബാൻമൂലം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പണികൾക്കൊന്നും തടസ്സമില്ല. പൂർണ്ണമായി വാട്ടർ അതോറിറ്റിക്ക് പൈസ കൊടുക്കാതിരുന്ന സാഹചര്യമില്ല. കൊടുത്തതിൽ ചെറിയ വ്യത്യാസം വന്നിട്ടുണ്ട്. നടന്നുകൊണ്ടിരിക്കുന്ന പണികൾക്ക് ട്രഷറി ബാൻ ബാധകമാകാത്ത നിലയിൽ നടത്തിക്കൊണ്ടുപോകുന്നുണ്ട്. പണി തുടരുന്നതിന് തടസ്സമായ നിലയിൽ എവിടെയെങ്കിലും ഫണ്ടിന്റെ കുറവ് ഉണ്ടെങ്കിൽ പ്രത്യേക പരിഗണന നൽകി ഫിനാൻസ് ഡിപ്പാർട്ട്മെന്റുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

(2) ഔഷധങ്ങളുടെ വിലവർദ്ധനവുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്ത് ജീവൻരക്ഷാ ഔഷധങ്ങളുൾപ്പെടെയുള്ള ഔഷധങ്ങളുടെ വില വർദ്ധനവുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് ഞാൻ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. പണമില്ലെന്ന കാരണത്താൽ ഒരു പൗരനും അടിസ്ഥാന ചികിൽസാ സൗകര്യങ്ങൾ നിഷേധിക്കപ്പെടരുത് എന്നുള്ള പ്രഖ്യാപനംതന്നെ നാം നടത്തിയിട്ടുണ്ട്. ഇൻഡ്യയുടെ ആരോഗ്യ നയപ്രഖ്യാപനരേഖ എന്നു വിശേഷിപ്പിക്കപ്പെടാറുള്ള ബോർ കമ്മിറ്റി (Bhore Committee) റിപ്പോർട്ടിന്റെ ആദ്യവാക്യമാണ് ഞാൻ സൂചിപ്പിച്ചത്. ലോകാരോഗ്യ സംഘടനയുടെ അൽമാട്ട പ്രഖ്യാപനം നമുക്ക് ഓർമ്മയുണ്ട്. രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം എന്നതായിരുന്നു പ്രഖ്യാപനം. നമ്മുടെ രാജ്യത്തെ സാധാരണക്കാരായിട്ടുള്ള ജനങ്ങളെ സംബന്ധിച്ചിടത്തോളം ജീവൻരക്ഷാ മരുന്നടക്കമുള്ള ഔഷധങ്ങൾ വാങ്ങിക്കുക എന്നത് അവർക്ക് അപ്രാപ്യമാകുന്ന അവസ്ഥയിൽ എത്തിനിൽക്കുകയാണ്. കഴിഞ്ഞ ഫെബ്രുവരി മാസം 26-ാം തീയതിയിലെ മാതൃഭൂമി ദിനപത്രത്തിൽ 'ദയാവധത്തിന് രാഷ്ട്രപതിയുടെ ദയ തേടി' എന്നു പറഞ്ഞ് ഒരു വാർത്തയും ചിത്രവുമുണ്ടായിരുന്നു. എന്റെ നാട്ടുകാരനായ പേട്ടയിലുള്ള സജിത് എന്ന് പറയുന്ന ചെറുപ്പക്കാരനെ ബാധിച്ച അപൂർവ്വ രോഗത്തിന് മരുന്നു വാങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ ഇൻഡ്യൻ പ്രസിഡന്റിനോട് ദയാവധത്തിന് എനിക്ക് അവസരം നൽകണമെന്നു പറഞ്ഞ് ഒരു ദയാ ഹർജി കൊടുക്കുകയാണ് ചെയ്തത്. 50 രൂപ ഒരു ദിവസം വേണ്ടിയിരുന്ന മരുന്നിന് 100 രൂപയായും 100 രൂപയായിരുന്ന മരുന്നിന് 200 രൂപയായും മാറിയ പശ്ചാത്തലത്തിൽ, മരുന്ന് വാങ്ങാൻ കഴിയാതെ വന്ന സാഹചര്യത്തിൽ, കടം കൊണ്ട് പെരുകിയ സാഹചര്യത്തിൽ, കുടുംബത്തെയാകെ കടക്കെണിയിൽപ്പെടുത്തി, കുടുംബമാകെ തകർന്ന ഒരന്തരീക്ഷത്തിൽനിന്ന് രക്ഷതേടുന്നതിനു വേണ്ടി, തനിക്ക് ആത്മഹത്യ ചെയ്യാനുള്ള അനുമതി നൽകണമെന്നുള്ളതാണ് സജിത്തിന്റെ അഭ്യർത്ഥന. അത് സജിത്തിന്റെ മാത്രം പ്രശ്നമല്ല. നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കായ സാധാരണ മനുഷ്യരെ സംബന്ധിച്ചിടത്തോളം അവർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. മരുന്നുകൾക്ക് അത്രയേറെ

LIBRARY ARCHIVES Kerala Legislative Assembly

വിലവർദ്ധനവ് വന്നിരിക്കുകയാണ്. ചില കണക്കുകൾ നമ്മെ അൽഭുതപ്പെടുത്തുന്നതാണ്. രക്തസമ്മർദ്ദം, പ്രമേഹം, എപ്പിലെപ്സി, ആസ്മ, ഹൃദ്രോഹം തുടങ്ങിയ ജീവിതകാലം മുഴുവൻ മരുന്ന് കഴിച്ച് നിയന്ത്രിക്കേണ്ട രോഗങ്ങൾക്ക് അടിമപ്പെടുന്ന സാധാരണക്കാരായ രോഗികളുടെ കാര്യം ഇപ്പോൾ ഏറെ ദയനീയമാണ്. ഇൻസുലിന് 18 രൂപയായിരുന്നത് 80 രൂപയായി മാറി. പ്രമേഹരോഗികളെ സംബന്ധിച്ചത്തോളം ഇൻസുലിൻ അത്യാവശ്യമാണ്. രക്തസമ്മർദ്ദത്തിന് ഉപയോഗിക്കുന്ന മരുന്നുകൾക്കുള്ള വില കേട്ടാൽ യഥാർത്ഥത്തിൽ രക്തസമ്മർദ്ദം വർദ്ധിക്കാനാണ് ഇടയാകുന്നത്. ആ മരുന്നിന്റെ വിലതന്നെ രക്തസമ്മർദ്ദം വർദ്ധിക്കാൻ സഹായിക്കുന്നതാണ്. ആറുമാസത്തിനു മുൻപുവരെ നിരന്തരമായി മരുന്നുപയോഗിക്കുന്ന ആളുകൾ ഒരു മാസത്തേക്ക് മരുന്നുവാങ്ങി സൂക്ഷിച്ചിരുന്നുവെങ്കിൽ ഇപ്പോൾ 15 ദിവസത്തേയ്ക്കുള്ള മരുന്നാണ് അവരിൽ പലരും വാങ്ങാറുള്ളതെന്ന് മരുന്ന് കച്ചവടക്കാർ തന്നെ പറയുന്നുണ്ട്. ഒരു മാസത്തേയ്ക്കുള്ള മരുന്നിന്റെ വില ഇപ്പോൾ 15 ദിവസത്തേയ്ക്കുള്ള മരുന്നിന്റെ വിലയായി മാറിയ അവസ്ഥയാണ്. അതുപോലെ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർ ജീവിതകാലം മുഴുവൻ കഴിക്കേണ്ട ചില മരുന്നുകളുണ്ട്. Cyclosporin എന്നു പറയുന്ന ഗുളികയ്ക്ക് ഒരെണ്ണത്തിന് 120 രൂപയാണ് വില. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾ ആദ്യ ദിവസങ്ങളിൽ രണ്ടും മൂന്നും ഗുളികകൾ കഴിക്കേണ്ടതായിട്ടുവരും. ഒരു ദിവസത്തെ ഗുളികയ്ക്കുവേണ്ടി 360 രൂപ ചെലവഴിക്കേണ്ട അവസ്ഥയെന്ന് പറഞ്ഞാൽ നമ്മുടെ നാട്ടിൽ ആർക്കാണ് അതിന് കഴിയുന്നത് ? ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. നമ്മെ സംബന്ധിച്ചിടത്തോളം ഈ കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. വലിയ തോതിലുള്ള വിലവർദ്ധനവാണ് വരുന്നത്. Daonil എന്നുപറയുന്ന മരുന്നിന് 1.50 രൂപയായിരുന്നത് ഇപ്പോൾ 6.70 രൂപയായി. ഇതൊക്കെ നാലഞ്ച് വർഷക്കാലത്തിനിടയ്ക്ക് ഉണ്ടായിട്ടുള്ള വർദ്ധനവാണ്. ഒരുകുപ്പി ഇൻസുലിന് 17.50 രൂപയായിരുന്നത് ഇപ്പോൾ 72 രൂപയായി. Ampicillin 16 രൂപയുണ്ടായിരുന്നത് നേരേ ഇരട്ടിയായി. 32.80 രൂപയായി വർദ്ധിച്ചു. Inderal എന്നുപറയുന്ന മരുന്നിന് 3 രൂപയുണ്ടായിരുന്നത് 13.80 രൂപയായി. ക്ഷയരോഗം ബാധിച്ച ആളുകൾ കഴിക്കുന്ന മരുന്നുകളുടെ വിലയും വലിയതോതിൽ വർദ്ധിച്ചിരിക്കുന്നു. Cephalexin എന്നുപറയുന്ന ആന്റിബയോട്ടിക് മരുന്നിന് 45 രൂപയായിരുന്നത് ഇപ്പോൾ 113.15 രൂപയായി. ഞാൻ എല്ലാ മരുന്നുകളുടെ വിലയെ സംബന്ധിച്ചും പറയുന്നില്ല. 45 രൂപയുണ്ടായിരുന്ന മരുന്നിന് 113 രൂപയായി എന്നുപറയുമ്പോൾ 151 ശതമാനം വില വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. Ethambutol എന്ന്പറയുന്ന ടി.ബി.ക്കുള്ള ആന്റിബയോട്ടിക് മരുന്നിന് 5.92 രൂപ ആയിരുന്നത് ഇപ്പോൾ 33 രൂപയായി. 457 ശതമാനം വില വർദ്ധനവുണ്ടായി. Rifampicin എന്നുപറയുന്ന മരുന്നിന് 24 രൂപ വിലയുണ്ടായിരുന്നത് 64 രൂപയായി. 167 ശതമാനം വർദ്ധനവുണ്ടായി. ഞാൻ കൂടുതൽ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. പൊതുവേ പരിശോധിച്ചാൽ എല്ലാ മരുന്നുകളുടേയും വില ക്രമാതീതമായി വർദ്ധിക്കുന്ന ഒരവസ്ഥയാണ് കാണാൻകഴിയുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ലോകവ്യാപാര സംഘടനയെ രൂപപ്പെടുത്തിയ ടങ്കൽ കരാർ വിസ്മരിച്ച് ഇതു പോലെ ഒരു വിഷയത്തിലേയ്ക്ക് കടക്കാൻ കഴിയില്ല. ആ കരാറിന്റെ പ്രധാനപ്പെട്ട നിബന്ധന പേറ്റന്റ് നിയമ ഭേദഗതിയാണ്. ഔഷധങ്ങൾ ഉല്പാദിപ്പിക്കുവാനും വിതരണം ചെയ്യാനുമുള്ള കുത്തകാവകാശം അത് കണ്ടുപിടിച്ച കമ്പനിക്കുമാത്രമേ പറ്റുകയുള്ളൂ എന്നാണ് ചില ബഹുരാഷ്ട്ര കമ്പനികളുടെ അവകാശവാദം. ഇന്ത്യൻ പേറ്റന്റ് നിയമപ്രകാരം ഉൽപ്പന്നങ്ങളുടെ പേറ്റന്റ് 3 മുതൽ 7 വർഷം വരെയുള്ള ഒരു ഹ്രസ്വകാലത്തേയ്ക്കുമാത്രമേ അനുവദിച്ചിട്ടുള്ളൂ. ഇതുകൂടാതെ ഈ പേറ്റന്റ് ദുർബലപ്പെടുത്തിയാലോ, പൊതുതാല്പര്യത്തിനു വിരുദ്ധമായാലോ സർക്കാരിന് യഥാർത്ഥത്തിൽ പേറ്റന്റ് പിൻവലിക്കാനുള്ള അവകാശമുണ്ട്. ഇതൊക്കെവച്ച് കൊണ്ട് ശരിയായ ഒരു നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായാൽ മാത്രമേ മരുന്നുകളുടെ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വില വർദ്ധനവ് തടയാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഒരു പ്രവണത ഉയർന്നുവന്നിട്ടുണ്ട്. പല ഔഷധ കമ്പനികളും തമ്മിൽ ലയിച്ച് ഒന്നായി മാറുന്ന സംഭവം അടുത്ത കാലത്തായി കണ്ടുവരുന്നു. അങ്ങനെ ഗ്ലാസ്കോ തുടങ്ങിയ ചില ബഹുരാഷ്ട്ര കമ്പനികൾ മറ്റുചില ബഹുരാഷ്ട്ര കമ്പനികളുമായി മെർജ് ചെയ്ത് അവർ ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾക്ക് അവർതന്നെ വില നിശ്ചയിക്കുന്ന ഒരവസ്ഥയാണ് കാണാൻ കഴിയുന്നത്. മരുന്നിന്റെ വിലയിൽ ലോകത്ത് ഏറ്റവും കുറവുണ്ടായിരുന്ന രാജ്യമായിരുന്നു ഇന്ത്യ. ഗൾഫിലും അമേരിക്കയിലും ഇംഗ്ലണ്ടിലുമൊക്കെ ജോലി ചെയ്തിരുന്ന ഇന്ത്യാക്കാർ വല്ലപ്പോഴും ഇന്ത്യയിലേയ്ക്ക് വരുമ്പോൾ അവർ സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകൾ ഒരുവർഷത്തേയ്ക്ക് ഒരുമിച്ചു വാങ്ങിക്കൊണ്ടുപോകുന്ന ഒരവസ്ഥയുണ്ടായിരുന്നു. ആ രാജ്യങ്ങളിൽ പണിയെടുക്കുന്ന ആളുകൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നുണ്ട്. ഇവിടെ വരുമാനം കുറവാണ്. എന്നാലും മരുന്ന് വാങ്ങാൻ കഴിയുന്ന ഒരവസ്ഥയായിരുന്നു വർഷങ്ങൾക്കുമുൻപ് ഉണ്ടായിരുന്നതെങ്കിലും ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. ഇംഗ്ലണ്ടിൽനിന്നും അമേരിക്കയിൽനിന്നും വരുന്ന ആളുകൾ ഒരു വർഷത്തേയ്ക്കുള്ള മരുന്ന് വാങ്ങിക്കൊണ്ടുപോകുന്ന അവസ്ഥ ഇപ്പോൾ ഇല്ല. ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും അതുപൊലെ വിദേശ രാജ്യങ്ങളിലേയും കൂടുതൽ വരുമാനമുള്ള ആളുകൾക്ക് വാങ്ങാൻ കഴിയുന്ന തരത്തിൽ നമ്മുടെ തുച്ഛവരുമാനക്കാരുടെ മരുന്നിന്റെ വിലയും ഏതാണ്ട് തുല്യതയിലേയ്ക്ക് കൊണ്ടുവരുന്ന സ്ഥിതിയാണ് നമുക്ക് കാണാൻ കഴിയുന്നത്. ആ രൂപത്തിൽ മരുന്നിന്റെ വില വർദ്ധിക്കുകയാണ്. 1970-ൽ എല്ലാ മരുന്നുകളും Drug Price Control Order നിയമത്തിന്റെ പരിധിയിലായിരുന്നു. 1978 ആയപ്പോഴേയ്ക്കും ഡി. പി. സി. ഒ. വെറും 347 മരുന്നുകൾക്കുമാത്രം പ്രാബല്യത്തിലാക്കി. 1987-ൽ അത് 163 ആയി കുറഞ്ഞു. 1994-ൽ അത് വെറും 74 മരുന്നുകൾക്ക് മാത്രമായി പരിമിതപ്പെടുത്തി. ഇതിന്റെയെല്ലാം ഫലമായി മിക്കവാറും എല്ലാ മരുന്നുകളുടേയും വില ഒരു ശതമാനം മുതൽ ഏതാണ്ട് 440 ശതമാനം വരെ വർദ്ധിച്ചിരിക്കുന്ന ഒരവസ്ഥയാണ്. അതുപോലെതന്നെ ചില കമ്പനികളുണ്ടാക്കുന്ന ആവശ്യമില്ലാത്ത മരുന്നുകളും നമ്മുടെ നാട്ടിലെ രോഗികൾക്ക് കൊടുക്കുന്നുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു അമേരിക്കൻ റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

"Out of 348 new drug introduced by 25 big U.S. Companies during 1981-1988, only 3 percent made important potential contribution while 84 percent made little or no potential contribution:" said the U.S. Federal Authority " ഇതാണ് പൊതുവേയുള്ള സ്ഥിതി. 348 മരുന്നുകൾ 25 കമ്പനികൾ പുറത്തിറക്കിയപ്പോൾ അതിൽ വളരെ ചെറിയൊരു ശതമാനം മാത്രമാണ് രോഗികൾക്ക് ആവശ്യമായിട്ടുള്ളത്. അനാവശ്യമായി പല കുത്തക കമ്പനികളും മരുന്ന് ഉല്പാദിപ്പിക്കുകയും അതിന് വലിയ പ്രചാരണം നടത്തുകയും ചെയ്യുന്നു. ഈ ഗൗരവമുള്ള വിഷയം വളരെ ഗൗരവത്തോടുകൂടി തന്നെ കാണാൻ കഴിയണം. ഏതായാലും നമ്മുടെ നാട്ടിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. ഇക്കാര്യത്തിൽ നമുക്ക് എന്തുചെയ്യാൻ കഴിയുമെന്നുള്ള കാര്യം ഗവൺമെന്റ് ഗൗരവപൂർവ്വം ആലോചിക്കണമെന്നുള്ളതാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ നല്ലവണ്ണം ഹോംവർക്ക് ചെയ്തിട്ടുണ്ട്. ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പക്ഷേ ഗവൺമെന്റിന് പരിമിതികളുണ്ട്. The Essential Commodities Act, 1958 അനുസരിച്ച് കേന്ദ്ര സർക്കാരാണ് ഔഷധവില നിയന്ത്രിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. ഈ നിയമമനുസരിച്ച് നിലവിൽ 74 ഇനം മരുന്നുകളാണ് വില നിയന്ത്രണ ഉത്തരവിന്റെ പരിധിയിൽ ഉള്ളത്. വിലനിയന്ത്രണം ബാധകമാക്കിയിട്ടുള്ള പ്രസ്തുത മരുന്നുകളുടെ വിലയിൽ കാര്യമായ മാറ്റങ്ങളൊന്നും 2000-2001 വർഷത്തിലുണ്ടായിട്ടില്ല. എന്നാൽ വിലനിയന്ത്രണം ബാധകമല്ലാത്ത ബ്രാൻഡ് മരുന്നുകളുടേയും പേറ്റന്റ് മരുന്നുകളുടേയും ഉപയോഗം ജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്നതുമൂലം ചികിൽസാച്ചെലവ് വർദ്ധിച്ചിട്ടുണ്ടെന്നുള്ള കാര്യം സർക്കാർ നിഷേധിക്കുന്നില്ല. സംസ്ഥാന സർക്കാരുകൾക്ക് ഔഷധങ്ങളുടെ വില നിശ്ചയിക്കുവാനോ നിയന്ത്രിക്കുവാനോ അധികാരമില്ല. എന്നാൽ വില നിയന്ത്രണം ബാധകമായ ഔഷധങ്ങൾക്ക് കൂടുതൽ വില വാങ്ങുകയോ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ വില ഈടാക്കുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നടപടികൾ കൈക്കൊള്ളുന്നതാണ്. സംസ്ഥാന ആരോഗ്യ വകുപ്പിലേയ്ക്ക് ഡി.പി.സി. വാങ്ങുന്ന മരുന്നുകൾ രാസനാമത്തിലുള്ളവയായതിനാൽ അവയുടെ വില കുറവാണ്. ഡബ്ല്യു. ടി. ഒ. യുടേയും ഗാട്ടിന്റേയും വ്യവസ്ഥകൾക്കനുസൃതമായി ആഗോളവൽക്കരണവും ഉദാരവൽക്കരണവുമായി കേന്ദ്രസർക്കാർ മുന്നോട്ട് പോകുമ്പോൾ കൂടുതൽ മരുന്നുകൾ വിലനിയന്ത്രണത്തിൽ നിന്നും ഒഴിവാക്കപ്പെടുകയും തൻമൂലം രാജ്യത്തെ ഔഷധങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാവുകയും ചെയ്യുന്നു. പാവപ്പെട്ട ജനങ്ങൾക്ക് കുറഞ്ഞവിലയ്ക്ക് ഔഷധങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ പരമാവധി പരിശ്രമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ആശുപത്രികളിൽ രാസനാമങ്ങളിലുള്ള മരുന്നുകൾ കൂടുതൽ ഉപയോഗിക്കുന്നതിനാൽ വിലനിലവാരം പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകളിലുള്ള ന്യായവില മരുന്നു ഷോപ്പുകളിലും നീതി മെഡിക്കൽ സ്റ്റോറുകളിലും മാവേലി മെഡിക്കൽ സ്റ്റോറുകളിലും സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലേതിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ് മരുന്നുകൾ വിൽക്കുന്നത്. ഇവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, മരുന്ന് വില നിയന്ത്രിക്കാൻ സംസ്ഥാന ഗവൺമെന്റ് വിചാരിച്ചാൽ ഒരു പക്ഷേ കഴിയില്ല. അത് ശരിയാണ്. പക്ഷേ പ്രൈവറ്റ് മരുന്നുടമകളുടെ കൊള്ള ലാഭക്കൊതിയിൽനിന്നും ജനങ്ങളെ രക്ഷപ്പെടുത്തേണ്ടതായിട്ടുണ്ട്. തിരുവനന്തപുരത്തുള്ള പേയിംഗ് കൗണ്ടർ ഏറ്റവും നല്ല ഒരു ഉദാഹരണമാണ്. അഞ്ച് ലക്ഷം രൂപയുടെ വിറ്റുവരവ് ഒരു ദിവസം നടക്കുന്ന വലിയൊരു മരുന്നു കടയായി പേയിംഗ് കൗണ്ടറുകൾ മാറിയിട്ടുണ്ട്. പേയിംഗ് കൗണ്ടറുകൾ ആളുകൾക്ക് വലിയ ആശ്വാസമാണ്. അത്തരത്തിലുള്ള പേയിംഗ് കൗണ്ടറുകൾ ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും സ്ഥാപിച്ച് മരുന്നുകൾ വില കുറച്ച് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. സി., കബീർ : മെഡിക്കൽ കോളേജ് ആശുപത്രികളിലും ഗവൺമെന്റ് ആശുപത്രികളിലും പേയിംഗ് കൗണ്ടറുകളും നീതി മെഡിക്കൽ സ്റ്റോറും മാവേലി മെഡിക്കൽ സ്റ്റോറും വിപുലപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതു മാത്രമേ സ്റ്റേറ്റ് ഗവൺമെന്റിന് ഇപ്പോൾ ചെയ്യാൻ കഴിയൂ.

IV സ്പീക്കറുടെ പ്രത്യേക പരാമർശം

മി. സ്പീക്കർ : ഓർഡർ, ഓർഡർ, തുടർന്നുള്ള മറ്റു നടപടികളിലേയ്ക്കു കടക്കുന്നതിനുമുൻപായി രണ്ട് വാക്കു പറയാമെന്ന് ഉദ്ദേശിക്കുകയാണ്. അവസാനം എങ്ങനെയാണെന്ന് പറയാൻ പറ്റില്ലല്ലോ ? അത് ആർക്കും നിശ്ചയിക്കാനും പറ്റില്ലല്ലോ ? പത്താം കേരള നിയമസഭയുടെ അവസാന സമ്മേളനം ഇന്ന് സമാപിക്കുകയാണ്. 1996 മേയ് 29-ന് പത്താം കേരള നിയമസഭ നിലവിൽവന്നു. ആ നിലയ്ക്ക് ഈ സഭ 1709 ദിനങ്ങൾ ഇന്ന് പൂർത്തിയാക്കുകയാണ്. പത്താം കേരള നിയമസഭ, നിയമസഭയുടെ ഒരു ചരിത്ര കാലഘട്ടമാണ്. രണ്ട് നൂറ്റാണ്ടുകളേയും രണ്ട് സഹസ്രാബ്ദങ്ങളേയും ബന്ധിപ്പിച്ച, രണ്ട് നിയമസഭാ ആസ്ഥാന മന്ദിരങ്ങളേയും ബന്ധിപ്പിച്ച ഒരു ചരിത്ര കാലഘട്ടം. നിരവധി, അനവധി ചരിത്രമുഹൂർത്തങ്ങൾക്കും പത്താം കേരള നിയമസഭ സാക്ഷ്യം വഹിച്ചു. കേരളത്തിലെ ജനങ്ങൾ നിയമസഭയിൽ അർപ്പിച്ച വിശ്വാസത്തിനൊത്ത് ഉയർന്നുപ്രവർത്തിക്കുവാൻ ഈ സഭയ്ക്ക് കഴിഞ്ഞു എന്ന് തികഞ്ഞ അഭിമാനത്തോടെ എനിക്ക് ഇവിടെ പറയാൻ കഴിയും. നിയമസഭ, ജനങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ച് ഉയരണമെന്നും, ഏത് ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly